# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.39/16/മിസ്.ബി. ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ചങ്ങനാശ്ശേരി ഗ്രൂപ്പിലെ നാദസ്വരം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- തൃക്കൊടിത്താനം ദേവസ്വം നാദസ്വരം ശ്രീ. കെ.ഹരിദാസവാര്യരുടെ അപ്പീൽ അപേക്ഷ.

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ വാഴപ്പള്ളി, സചിവോത്തമപുരം, തൃക്കൊടിത്താനം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാനെ കുട്ടനാടൻ പ്രദേശമായ കൊടുപ്പുന്നകാവ് ദേവസ്വത്തിലാണ് ഇപ്പോൾ സ്ഥലം മാറ്റിയിരിക്കുന്നത്. ടിയാൻ ആവശ്യപ്പെട്ട വാഴപ്പള്ളി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റണമെന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്. ഒന്നാം ചോയിസിൽ ഒഴിവില്ല രണ്ട്, മൂന്ന് ചോയിസുകളിൽ അവിടെ ജോലി നോക്കിയിട്ടില്ലാത്ത ആളിന് നൽകിയ പരിതഃസ്ഥിതിയിൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20/07/2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ചങ്ങനാശ്ശേരി.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP Section
ശ്രീ.

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.40/16/MIS-C**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
**13/ 07 / 2016**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** ചങ്ങനാശ്ശേരി ഗ്രൂപ്പിലെ തളി ജീവനക്കാരുടെ **2016-2017**-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** മകൊമ്പ് ദേവസ്വം തളി ശ്രീ.പി.രാജേഷ്, വായ്പ്പൂര് - ദേവസ്വം തളി ശ്രീമതി.റ്റി.ജി.ഉഷാകുമാരി എന്നിവരുടെ അപ്പീൽ അപേക്ഷ.

ശ്രീ.ബി.രാജേഷ്( മകൊമ്പ്)

പൊതുസ്ഥലം മാറ്റത്തിൽ ടിയാൻ കൊടുപുന്ന, രാമങ്കരി, മകൊമ്പ് എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെന്നും ടിയാനെ വാഴപ്പള്ളി ദേവസ്വത്തിലേയ്ക്കാണ് മാറ്റിയതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട ദേവസ്വങ്ങളിലോ നിലവിലിരിക്കുന്ന മകൊമ്പ് ദേവസ്വത്തിലോ തുടരണമെന്നതാണ് അപ്പീലിലെ ആവശ്യം.

ടിയാന്റെ ആദ്യ ചോയിസ് ആയ കൊടുപുന്നക്കാവ് ദേവസ്വത്തിൽ നിയോഗിച്ചിരുന്ന ശ്രീമതി.എസ്.അജിതകുമാരി, ടി ദേവസ്വത്തിൽ **09.07.2010** മുതൽ **07.07.2013** വരെയുള്ള കാലയളവിൽ ജോലി നോക്കിയിരുന്നതായി **08/07/2016**-ലെ **1192** നമ്പർ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബി.രാജേഷിന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാന് കൊടുപുന്നക്കാവിലും ശ്രീമതി.എസ്. അജിതകുമാരിയെ ഒഴിവുള്ള മകൊമ്പ് ദേവസ്വത്തിലേയ്ക്കും സ്ഥലം മാറ്റി ഉത്തരവാകുന്നു.

ശ്രീമതി.റ്റി.ജി.ഉഷാകുമാരി(വായ്പ്പൂര്)

പൊതുസ്ഥലം മാറ്റത്തിൽ ടിയാൾ തെങ്ങണ,ആരവല്ലി,വായ്പ്പൂര്, എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെന്നും, ടിയാളുടെ ഒന്നാം ചോയിസ് ആയ തെങ്ങണ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും, എന്നാൽ ടിയാളുടെ അച്ഛന്റെ സംരക്ഷണാർത്ഥം ടിയാളെ വായ്പ്പൂര് ദേവസ്വത്തിൽ നിലനിർത്തുകയോ അല്ലാത്ത പക്ഷം കുളത്തൂർ ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകുകയോ വേണമെന്നാണ് അപ്പീലിലെ ആവശ്യം

ടിയാളുടെ ഒന്നാം ചോയിസ് ആയ തെങ്ങണ ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു,

ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ

Seelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-ചങ്ങനാശ്ശേരി
2. സെക്ഷൻ ഫയൽ
3. ഫെയർ ഓഫീസ് കോപ്പി
4) EDP Section

RA

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.40/16/MIS-C

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
13/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** ചങ്ങനാശ്ശേരി ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-2017-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** ഉരുക്കരി ദേവസ്വം കഴകം ശ്രീ.മനോജ്.എസ്, വേഴപ്ര സബ്ഗ്രൂപ്പിലെ കഴകം ശ്രീ. വി.സി.മധു എന്നിവരുടെ അപ്പീൽ അപേക്ഷ സംബന്ധിച്ച്.

ശ്രീ.മനോജ്.എസ് (ഉരുക്കരി ദേവസ്വം)

പൊതുസ്ഥലം മാറ്റത്തിൽ ടിയാൻ രാമങ്കരി സബ്ഗ്രൂപ്പിൽപ്പെട്ട കുന്നങ്കരി, മുട്ടാർകൂട്ടുമ്മേൽ ഇപ്പോൾ ജോലി നോക്കുന്ന ഉരുക്കരിഎന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും, എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയിട്ടുള്ളതെന്നും, ആകയാൽ മുട്ടാർ കൂട്ടുമ്മേൽ ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകണമെന്നുമാണ് അപ്പീലിലെ ആവശ്യം

ടിയാൻ ആവശ്യപ്പെട്ടിരുന്ന മൂന്ന് ദേവസ്വങ്ങളിലും സീനിയർമാർക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ശ്രീ.വി.സി.മധു (വേഴപ്ര ദേവസ്വം)

പൊതുസ്ഥലം മാറ്റത്തിൽ ടിയാൻ മുട്ടാർ കൂട്ടുമ്മേൽ, വേഴപ്ര, ഉരുക്കരിഎന്നീ ദേവസ്വങ്ങൾ ആണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയിട്ടുള്ളതെന്നും, ആവശ്യപ്പെട്ടിരുന്ന ദേവസ്വങ്ങളിലേയ്ക്ക് ഏതെങ്കിലും മാറ്റം നൽകണമെന്നതാണ് അപ്പീൽ അപേക്ഷയിലെ ആവശ്യം

ടിയാന്റെ അപ്പീൽ പരിഗണിച്ച് ടിയാന്റെ അദ്യ ചോയ്സ് ആയ മുട്ടാർ കൂട്ടുമ്മേൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയും, ടി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ള ശ്രീ.ഗോപാലകൃഷ്ണനെ ചിറവംമുട്ടം ദേവസ്വത്തിലേയ്ക്കും, ചിറവംമുട്ടം ദേവസ്വത്തിലേയ്ക്കു മാറ്റിയ ഷീജയെ റാഷുഴ ദേവസ്വത്തിലേയ്ക്കും റാഷുഴ ദേവസ്വത്തിലേയ്ക്കു മാറ്റിയ ശ്രീ.പി.വി.രാജേഷിനു ഒഴിവുള്ളതിനാൽ ചങ്ങനാശ്ശേരിക്കാവ് ദേവസ്വത്തിൽ തുടരുന്നതിന് അനുവദിച്ചും ഉത്തരവാകുന്നു. ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

CP.T.O

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-ചങ്ങനാശ്ശേരി
2. സെക്ഷൻ ഫയൽ
3. ഫെയർ ഓഫീസ് കോപ്പി
4. EDP Section

R4

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.41/16/S**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
**19/ 07 / 2016**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:**-2016-2017 ചങ്ങനാശ്ശേരി ഗ്രൂപ്പിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:**- ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

2016-2017 ഫുൾടൈം ശാന്തിക്കാരുടെ ചങ്ങനാശ്ശേരി ഗ്രൂപ്പിനുള്ളിൽ നടത്തിയ സ്ഥലം മാറ്റങ്ങളിലെ അപ്പീൽ അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ.പി.കേശവൻ നമ്പൂതിരി

ആവശ്യപ്പെട്ട ദേവസ്വങ്ങൾ തെങ്ങണ, തെക്കേക്കര, ചെറുവള്ളിക്കാവ്, ആരമല എന്നീ ക്രമത്തിലാണ് ടിയാന്റെ രണ്ടാമത്തെ ചോയ്സ് ആയ ചെറുവള്ളിക്കാവിൽ ആണ് സ്ഥലം മാറ്റിയതെന്നും ടിയാന്റെ ഒന്നാമത്തെ ചോയ്സ് ആയ തെങ്ങണയിൽ സ്ഥലം മാറ്റം നൽകിയില്ലായെന്നും അപേക്ഷയിൽ ബോധിപ്പിക്കുന്നു.

ശ്രീ.കെ.കേശവൻ നമ്പൂതിരി ആവശ്യപ്പെട്ട ഒന്നാം ചോയ്സ് ആയ തെങ്ങണ ദേവസ്വത്തിൽ ടിയാനെക്കാൾ സീനിയർ ആയിട്ടുള്ളതും, മുമ്പ് ജോലി നോക്കിയിട്ടില്ലാത്തതുമായ അപേക്ഷകന് നൽകിയിട്ടുള്ളതാണ്. ടിയാന്റെ രണ്ടാമത്തെ ചോയ്സ് ആയ ചെറുവള്ളിക്കാവിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

2. ശ്രീ.വി.കെ.ശ്രീകാന്ത്.

ആവശ്യപ്പെട്ട ദേവസ്വങ്ങൾ വാഴപ്പള്ളി മഹാദേവർ, ആരമല, വാഴപ്പള്ളി ഗണപതി എന്നിവയാണ്. എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത രാമങ്കരി ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റം നൽകിയതെന്നും ആയതിനാൽ ഒന്നാമത്തെയോ, രണ്ടാമത്തെയോ ചോയ്സുകളിലോ, അല്ലാത്ത പക്ഷം നിലവിൽ ജോലിനോക്കുന്ന ദേവസ്വത്തിൽ തുടരുന്നതി ലേയ്ക്കോ പരിഗണിക്കണമെന്നാണ് അപ്പീൽ അപേക്ഷയിൽ ബോധിപ്പിക്കുന്നത്.

ശ്രീ.വി.കെ.ശ്രീകാന്ത് ആവശ്യപ്പെട്ട ഫസ്റ്റ് ചോയ്സ് ആയ വാഴപ്പള്ളി ദേവസ്വത്തിൽ മുമ്പ് ജോലി നോക്കിയിട്ടില്ലാത്ത തെങ്ങണ ദേവസ്വം ശാന്തി ശ്രീ.എം.എസ്. ഈശ്വര ശർമ്മയ്ക്ക് നൽകി ടിയാൻ ആവശ്യപ്പെട്ട സെക്കന്റ് ചോയ്സ് ആയ ആരമല ദേവസ്വത്തിൽ ടിയാനെക്കാൾ സീനിയറും മുമ്പ് ടി ദേവ

സ്വത്തിൽ ജോലി നോക്കിയിട്ടില്ലാത്തതുമായരാമങ്കരി ദേവസ്വം ശാന്തി ശ്രീ.വി.എസ്. ഈശ്വരൻ നമ്പൂതിരിയ്ക്ക് നൽകി ടിയാന്റെ മൂന്നാമത്തെ ചോയ്സ് ആയ ഗണപതിനട ടി ഗ്രൂപ്പിൽ സീനിയറും മുമ്പ് ജോലി നോക്കിയിട്ടില്ലാത്തതുമായ ശ്രീ.എം.കൃഷ്ണൻനമ്പൂതിരിയ്ക്ക് നൽകിയതിനാൽ ഒഴിവ് വന്നിട്ടുള്ള രാമങ്കരി ദേവസ്വത്തിലേയ്ക്ക് ശ്രീകാന്തിനെ സ്ഥലം മാറ്റിയിട്ടുള്ളതാണ്. ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് ആകുന്നു.

ടി സ്ഥലം മാറ്റം 20.07.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-** ചങ്ങനാശ്ശേരി
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP സെക്ഷൻ

**RA**